**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*634 — 25.05.2017 ൽ മറുപടിക്ക്

**കരകൗശല മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപടികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.ഉണ്ണി | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കരകൗശല മേഖല പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, മെച്ചപ്പെട്ട വേതനത്തിന്റെ അഭാവം, ഉൽപ്പന്ന വിപണ സംവിധാനത്തിന്റെ അപര്യാപ്തത, ആധുനിക സാങ്കേതിക വിദ്യയുടെ അഭാവം എന്നിവ സംസ്ഥാനത്തെ കരകൗശല മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി കരകൗശല വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. |
| (ബി) കരകൗശല മേഖലയിലെ കൂലിക്കുറവ് നിമിത്തം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) ഉൽപ്പന്ന വിപണന സംവിധാനത്തിന്റെ അപര്യാപ്തത, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, തൊഴിലാളികളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ അപര്യാപ്തത എന്നിവ കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കാത്തതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ച് വരുന്നു. കരകൗശല തൊഴിലാളികളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനുമുള്ള പരിശീലന പരിപാടികൾ, കരകൗശല തൊഴിലാളികളുടെ കൂട്ടായ പ്രവർത്തനത്തിനായി ക്ലസ്റ്ററുകൾ രൂപീകരിക്കൽ എന്നിവക്കായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികൾക്ക് ഒറ്റക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കരകൗശല തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ ഈ |

മേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങളായ കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, അപക്സ് സഹകരണ സ്ഥാപനമായ സുരഭി എന്നിവ വഴി വിൽക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്രാഫ്റ്റ് ടൂറിസം, കേരളത്തിന്റെ തനതായ കരകൗശല ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് സുവനീറുകൾ എന്നീ പദ്ധതികളിലൂടെ കരകൗശല മേഖലയിൽ മെച്ചപ്പെട്ട വിലയും വിപണനവും തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും ലക്ഷ്യമിടുന്നു.

(സി) കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അവർ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങി വിപണനം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കരകൗശല തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനുമുള്ള പരിശീലന പരിപാടികൾ, കരകൗശല തൊഴിലാളികളുടെ കൂട്ടായ പ്രവർത്തനത്തിനായി ക്ലസ്റ്ററുകൾ രൂപീകരിക്കൽ എന്നിവക്കായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം വാഴനാര്, കൈത, ഓട്, കളിമൺ പാത്ര നിർമ്മാണം, തടി, ലോഹം എന്നീ വിഭാഗങ്ങളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള പതിനൊന്ന് ക്ലസ്റ്ററുകൾ കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, സുരഭി എന്നീ സ്ഥാപനങ്ങൾ മുഖേന ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. തൊഴിലാളികൾക്ക് ഒറ്റക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾ മുഖേന പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കരകൗശല തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലനൽകി കരകൗശല വികസന കോർപറേഷൻ , കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, സുരഭി എന്നീ സ്ഥാപനങ്ങൾ വഴി വിൽപ്പന നടത്തുന്നതിനും ക്രാഫ്റ്റ് ബസാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ച് കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സഹായിക്കുകയും ചെയ്തുവരുന്നു.

(ഡി) ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ തുടങ്ങിയവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) കരകൗശല വികസന കോർപറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് ഷോറൂമുകളുടെ പുനരുദ്ധാരണവും ആധുനിക വൽക്കരണവും, കരകൗശല മേഖലയിലെ കയറ്റുമതി വിപണിയുടെ ശാക്തീകരണം, ഓൺലൈൻ വിപണി ആരംഭിക്കൽ, ഷോറൂമുകളുടെ നെറ്റ് വർക്ക്, ബ്രാന്റ് ബിൽഡിംഗ്, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട കരകൗശല വിപണി എന്നീ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് കരകൗശല മേഖലയിലെ കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്ന തിനായി സ്ത്രീ തൊഴിലാളികൾക്ക് പരിശീലനം നൽകൽ, പിന്നോക്ക വിഭാഗങ്ങളിലേയും കരകൗശല മേഖലയിലേയും യുവാക്കൾക്ക് പരിശീലനം നൽകി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സിറ്റികളിൽ കാഡ്കോയുടെ ഷോറൂമുകൾ ആരംഭിക്കൽ, ഡെക്കറേറ്റീവ് അപ്പാരൽ ഹബ്ബ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് (ഐ.ഡി.പി.എച്ച്) എന്ന പദ്ധതി പ്രകാരം കരകൗശല പ്രദർശന വിൽപ്പന മേളകൾ, തൊഴിൽ പരിശീലനം, നവീന കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്ലസ്റ്ററുകൾ, പൊതു സേവനകേന്ദ്രങ്ങൾ, ടൂൾകിറ്റുകൾ, അവബോധന ക്ലാസ്സുകൾ, ദേശീയ പിന്നോക്ക ധനകാര്യ വികസന കോർപറേഷന്റെ സഹായത്തോടെ കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ വായ്പ , വസ്തുഗ്രാമം പദ്ധതി, പ്രീമിയം റീട്ടെയിൽ സുവനീർ ചെയിൻ പദ്ധതി, എന്നിവയും നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ